**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137 — 05.02.2019 ലെ മറുപടിക്ക്

## നാളീകേര വികസന കൗൺസിൽ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ..ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ .എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും സംസ്ഥാനത്ത് നാളീകേരോല്പാദനം വർഷം തോറും കുറഞ്ഞ് വരുന്നത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ നാളീകേരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നാളീകേര വികസന കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കീഴിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി)21.11.2018 ലെ സ.ഉ.(കൈ) നം 138/2018/കൃഷി പ്രകാരം നാളീകേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നാളീകേര വികസന കൗൺസിലിന്റെ കീഴിൽ താഴെ പറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച വരുന്നത്.<br>1. സംസ്ഥാനത്തെ നാളീകേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.<br>2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും, രോഗം ബാധിച്ചതും, ഉത്പാദന ക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>3. തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889 നാളീകേരത്തിൽ നിന്നും 8500 നാളീകേരമായി ഉയർത്തുക. |

| | |
|---|---|
| | 4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം, നാളീകേര വികസന ബോർഡ്, നാളീകേര ഉത്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉത്പാദന കേന്ദ്രങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ചും, ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുക.<br>5. നെടിയ ഇനങ്ങളുടേയും, കുറിയ ഇനങ്ങളുടേയും, സങ്കര ഇനങ്ങളുടേയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും, സ്ഥായിയായതും, വിപണന സാധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/ സമ്പ്രദായം നടപ്പിലാക്കുക.<br>6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും, ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.<br>7. നാളീകേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും, തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേര ഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേര ഗ്രാമങ്ങളിലും നാളീകേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും, കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.<br>8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി |

| | |
|---|---|
| | വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളീകേര ഉല്പാദക സൊസൈറ്റികളുടേയും കമ്പനികളുടേയും പ്രവർത്തനങ്ങളിലും നാളീകേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളിലും തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.<br>9. വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളീകേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മ സേനകൾ" രൂപീകരിക്കുക. കൂടാതെ നാളീകേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെൻറർ എന്നിവയെ ശക്തിപ്പെടുത്തുക.<br>10. നാളീകേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.<br>11. നാളീകേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.<br>12. നാളീകേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളീകേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.<br>13. ദേശീയ അന്തർദേശീയ വിപണികളിൽ കേരളത്തിന്റെ നാളീകേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.<br>14. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളീകേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ |

| | |
|---|---|
| | സ്വീകരിക്കുക.<br>15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക..<br>16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/അന്തർദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.<br>17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക. |
| (സി) നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം ഒരു കുടക്കീഴിലാക്കുവാൻ ഇതിലൂടെ സാദ്ധ്യമാകുമെന്ന് കരുതുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഈ പദ്ധതിക്ക് ആകെ എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് കൗൺസിൽ രൂപീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) നാളികേര വികസനത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ നാളികേര വികസന ബോർഡിന്റെയും ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെയും തദ്ദേശസ്വയം ഭരണം തുടങ്ങിയ വകുപ്പുകളുടെയും എസ്.എഫ്.എ.സി, കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെയും ഫണ്ടുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ടാണ് നാളികേര വികസന കൗൺസിൽ പ്രവർത്തിക്കുന്നത്. |
| (ഇ) നിലവിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നാളികേരോല്പാദനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഇതിലൂടെ സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഇ) ഉണ്ട്. കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക. നാളികേര കൃഷിയ്ക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ ആരംഭിക്കുക, സാധ്യമായ എല്ലാ കേര ഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ |

| | |
|---|---|
| | ശക്തിപ്പെടുത്തുക, നാളീകേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക, നാളീകേര അഗ്രോ പാർക്കുകൾ തുടങ്ങിയ കേരകൃഷിയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികളെല്ലാം നാളീകേര വികസന കൗൺസിലിന്റെ കീഴിൽ സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

ഡെപ്യൂട്ടി സെക്രട്ടറി